(ഇ) കൂട്ടാനുദ്ദേശിക്കുന്ന വെള്ളക്കരം എന്നുമുതൽക്കു് പിരിക്കണം എന്നു് തീരുമാനിച്ചിട്ടില്ല.

(എഫ്) ഉവ്വു്. കൂട്ടാനുദ്ദേശിക്കുന്ന റെയിറ്റു് ഇപ്പോൾ ഗവൺമെണ്ടിൽനിന്നും ചിലവാക്കുന്ന സംഖ്യക്കും സ്വകായ്വ്യക്തികൾക്കു് ചിലവാകുന്ന തുകക്കും വളരെ കുറവാൺ.

RESOLUTIONS

Separation of Judiciary from the Executive

Sri. D. Gnanasigamoni : This Assembly recommends to Government that immediate steps may be taken to separate the Judiciary from the Executive.

Mr. Speaker : Last time this resolution was moved by Mr. Gnanasigamoni and was seconded by Mr. Sivarama Pillai : The resolution is now before the House and is open for discussion.

(No member stood up).

Mr. Speaker : Before I put the resolution to vote I would like to know whether the Minister concerned has any remarks to offer.

ബഹു ശ്രീ. ടി. കെ. നാരായണപിള്ള: സർ, ജുഡിഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്നും വിഭജിക്കണമെന്നുള്ള ഈ പ്രമേയത്തിനെറ തത്വത്തോടു് ഗവൺമെണ്ടു് യോജിക്കുന്നു. പുതിയ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചും ഈ തത്വം സ്വീകരിച്ചുകൊണ്ടു് വേണ്ട നടപടികൾ എടുക്കുന്നതിനു് എല്ലാ ഗവൺമെണ്ടുകളും ചുമതലപ്പെട്ടതാണു്. ആ സ്ഥിതിക്കു ഈ തത്വം ഗവൺമെണ്ടു് സ്വീകരിക്കുന്നുണ്ടു്. കഴിയുന്നത്ര വേഗത്തിൽ അതിനെ നടപ്പിൽ വരുത്തുന്നതിനും ഗവൺമെണ്ടു് ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഇപ്പോൾതന്നെ കുന്നത്തുനാടു്, പറവൂർ ഈ രണ്ടു താലൂക്കുകളിലും ഈ തത്വം സ്വീകരിച്ചിട്ടുണ്ടു്. ഈ തത്വം എല്ലാഭാഗത്തും ഒരുപോലെ നടപ്പിൽ വരുത്തുന്നതിനു് വേണ്ട പ്രായോഗിക നടപടികൾ ഗവൺമെണ്ടു് സ്വീകരിക്കുകയും, അതു് ഉടനെ നടപ്പിൽ വരുത്തുവാനുള്ള പരിശ്രമങ്ങൾ കൈക്കൊള്ളുകയും ചെയ്യണമെന്നു ഗവൺമെണ്ടു് ഉദ്ദേശിച്ചിരിക്കയാണു്. എന്നാൽ പെട്ടെന്നു ഈ ഐക്യസംസ്ഥാനം മുഴുവൻ ഒരേസമയത്തു നടപ്പിൽ വരുത്തുന്നതിനു് സാമ്പത്തികമായ പല വിഷമതകളും ഉണ്ടായേക്കുമെന്നുള്ള ഭയംകൊണ്ടു് മാത്രമാണു് എല്ലാ സ്ഥലത്തും ഒരേ സമയത്തു നടപ്പിൽ വരുത്തുവാൻ സാധിക്കാതായിരിക്കുന്നതു്. ഈ ഐക്യസംസ്ഥനത്തിനെറ ഒരു ഭാഗമായ തൃശ്ശൂർ ഡിവിഷനിൽ ഈ തത്വം സ്വീകരിച്ചു മിക്കവാറും ജുഡിഷ്യറിയും എക്സിക്യൂട്ടീവും രണ്ടു ഘടകങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ടു്. അതുപോലെ തിരുവിതാംകൂർ ഡിവിഷനിലും വലിയ വിദൂരമല്ലാത്ത ഒരു ഭാവിയിൽ അതിലേക്കു് പടിപടിയായ നടപടികൾ നടത്തണമെന്നു് ഉദ്ദേശിച്ചിട്ടുണ്ടു്. അതാണു് ഇക്കാര്യത്തിൽ ഗവൺമെണ്ടിനെറ നില. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു ഇതിൽകൂടുതൽ വിശദീകരിക്കുവാനില്ല. ഗവൺമെണ്ടു് ഈ പ്രമേയം അകമഴിഞ്ഞു സപോർട്ടു് ചെയ്യുന്നു.

ശ്രീ. തയ്യുത കുഞ്ഞിത്തൊമ്മൻ: ഒരു പോയിൻറു് ആഫ് ഓർഡർ. കഴിഞ്ഞ യോഗത്തിനെറ തുടർച്ചയാണല്ലൊ ഈ യോഗം. കഴിഞ്ഞ യോഗത്തിൽ ഞാൻ കൊണ്ടുവന്നിരുന്ന ഒരു പ്രമേയം പിൻവലിച്ചിട്ടില്ല. അതുകൊണ്ടു് ആ പ്രമേയത്തെ സംബന്ധിച്ചുള്ള തീരുമാനമുണ്ടായതിനുശേഷമാണു് ഈ പ്രമേയങ്ങൾ ആലോചനക്കെടുക്കേണ്ടതു്. അങ്ങിനെയാണു് സാധാരണയായി കഴിഞ്ഞ കാലങ്ങളിൽ നടന്നുവരുന്നതു്. ആ നടപടി സ്പീക്കർ അവകാശം പോലെ ഭേദപ്പെടുത്തുവാൻ അധികാരമുണ്ടോ എന്നറിയണം. അന്നത്തേക്കു ബാലട്ടു് ചെയ്തെടുത്തതും ഞാൻ പിൻവലിച്ചിട്ടില്ലാത്തതുമായ ആ പ്രമേയമാണു് ഇന്നു് ഒന്നാമതായി എടുക്കേണ്ടതു്.

മി. സ്പീക്കർ: അതിനെ സംബന്ധിച്ചുള്ള റൂൾസു് വളരെ വ്യക്തമാണു്. ഈ സെഷൻ വാസ്തവത്തിൽ കഴിഞ്ഞ പ്രാവശ്യത്തെ സെഷനെത്തുടർന്നുള്ളതാണു്. ഒരു മീറ്റിംഗിൽ ഒരു പ്രമേയം അവതരിപ്പിച്ചു അതു് പിൻതാങ്ങിയതിനുശേഷം സമയം കഴിയുകയും, അടുത്തദിവസം തുടർന്നു മീറ്റിംഗുണ്ടായിരിക്കുകയും ചെയ്താൽ അതിനെറ വാദപ്രതിവാദം പിറേറദിവസവും തുടരാവുന്നതാണു്. ഒരുദിവസത്തേക്കു് ബാലട്ടു് ചെയ്തലിസ്റ്റിൽ ഉൾപ്പെടുത്തിയതുകൊണ്ടുമാത്രം പോര.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni : In view of the fact that the Government have accepted the Principle underlying the resolution I do not press it.

Mr. Speaker : The second resolution stands in the name of Mr. Nataraja Pillai. As he is not present, Mr. Abdul Majid will move the next resolution standing in his name.

Sri. Abdul Razak : May I bring one fact to the notice of the Chair. During the last sitting of the Assembly, a resolution that was marked for the first day of the two non official days was allotted to be debated on the succeeding day also for the second day. In consideration of that Mr. Kunjithommen may be allowed to move his resolution now.

Mr. Speaker : The relevant rule is as follows :

Standing Order.—

9. (1) A list of business for the day shall be prepared by the Secretary, and a copy thereof shall be made available for the use of every member.

(2) Save as otherwise provided in the Ruels or these Standing Orders, no business not included in the list of business for the day shall be transacted at any meeting without the leave of the President.

(3) Save as otherwise provided by the Rules or Standing Orders, no business requiring notice shall be set down for a day earlier than the day after that on which the period of the notice necessary for that class of business expires.

(4) Unless the President otherwise directs, not more than five resolutions (in addition to any resolution which has been commenced on, and is outstanding from, a previous day) shall be set down in the list of business for any day allotted for the disposal of non-official resolutions.

In the light of this there has been no possibility of any infringment of the rule. So I call upon Mr. Majid to move his resolution.

Resolution regarding coir industry

ശ്രീ. അബ്ദുൽ മജീദ്: സർ, ഞാൻ ഈ സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയം ഇതാണ്. "തിരുവിതാംകൂറിൽ അധഃപതിച്ചുകൊണ്ടിരുന്ന കയർ വ്യവസായം, കയർ പിരിച്ചുകൊണ്ടിരിക്കുന്ന ഇടത്തരം തൊഴിലാളികൾ മാത്രം ഓഹരിക്കാരായിരിക്കുന്ന സഹകരണസംഘങ്ങൾ മുഖേന നടത്തുന്നതിനു് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നു ഈ യോഗം ഗവൺമെണ്ടിനോടപേക്ഷിക്കുന്നു."

ഈ പ്രമേയം ഈ സഭയുടെ അംഗീകരണത്തിന്നായി സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ യൂണിയൻ ഗവൺമെണ്ടിനെ അഭിമുഖീകരിച്ചിരിക്കുന്ന ഇത്തരം പ്രശ്നങ്ങൾ അനവധിയുണ്ടു്. എന്നാൽ വളരെ തൊഴിലാളികളെ കൊച്ചധികം ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണു് കയർവ്യവസായികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു പരിഹാരമുണ്ടാക്കുക എന്നുള്ളതു്. അങ്ങിനെയുള്ള കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ സങ്കടത്തിനു് പരിഹാരമുണ്ടാക്കേണ്ടതാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. ഈ യൂണിയനിലെ എല്ലാ പ്രദേശങ്ങളേയും പൊതുവായി ബാധിക്കുന്ന ഈ വ്യവസായത്തിന്റെ പേരിൽ ഈ സഭയുടെ സകല ശക്തികളും ഉപയോഗിച്ചു ഈ പ്രമേയത്തെ അനുകൂലിക്കണമെന്നപേക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, വയ്ക്കം, അമ്പലപ്പുഴ. ചേർത്തല, പറവൂർ, കൊടുങ്ങല്ലൂർ, കണയന്നൂർ തുടങ്ങിയ ഫൂ താലൂക്കുകളിലെ ഏറ്റവും പ്രധാനപ്പെട്ട ഈ കടിൽവ്യവസായം ഇന്നു അധഃപതിച്ചുകൊണ്ടു് വരുന്നതിനാൽ ആ കായ്ത്തിൽ ഗവൺമെണ്ടിന്റെ സത്വരമായ നടപടികൾ നടത്തുന്നുണ്ടെന്നു അടുത്തകാലത്തു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. എങ്കിലും അതിനുവേണ്ട നടപടികൾ ഉടനെ എടുക്കുന്ന കായ്ത്തിൽ ഗവൺമെണ്ടു് പ്രബലമായ ശ്രമം ചെയ്യേണ്ടതാണെന്നപേക്ഷിക്കുവാനാണു് ഞാൻ ഈ പ്രമേയം ഹാജരാക്കിയിരിക്കുന്നതു്. ഏകദേശം അഞ്ചുലക്ഷത്തോളം തൊഴിലാളികൾ ഉൾപ്പെട്ട ജോലിചെയ്യുന്ന ഒരു വ്യവസായമാണു് ഇതെന്നു പറയുമ്പോൾ അതിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്നു മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതുവഴി ഏതാണ്ടു് ഫ ൦ കോടി രൂപായോളം യൂണിയൻ ഗവൺമെണ്ടിനു് സമ്പാദിക്കുവാൻ കഴിയുന്നതാണു്. എന്നാൽ യുദ്ധകാലത്തെ അപേക്ഷിച്ചു ഇപ്പോൾ ഈ വ്യവസായത്തിനു് അധഃപതനമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ അധഃപതനം ആ വ്യവ

LIBRARY ARCHIVES Kerala Legislative Assembly